**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208** **06-10-2025 - ൽ മറുപടിയ്ക്ക്**

**ആഗോള അയ്യപ്പ സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയുടെ സമഗ്ര വികസനം ചർച്ച ചെയ്യുന്നത് ലക്ഷ്യമിട്ട് സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമത്തിൽ ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2025 സെപ്റ്റംബർ 20-ന് പമ്പയിൽ വച്ച് സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമത്തിൽ ശബരിമല മാസ്റ്റർപ്ലാൻ, സ്പിരിച്വൽ  ടൂറിസം, ക്രൗഡ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ചർച്ചകളിൽ പങ്കെടുത്ത പാനലിസ്റ്റുകളുടെയും പ്രധാനമായും ചർച്ച നടന്ന മേഖലകളും അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ് |
| (ബി) | ശബരി റെയിൽപ്പാതയുമായി ബന്ധപ്പെട്ട് സമ്മേളനത്തിൽ വന്നിട്ടുള്ള നിർദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ശബരി റെയിൽപാത, വിമാനത്താവളം എന്നിവയുമായി ബന്ധപ്പെട്ട് ആഗോള അയ്യപ്പ സംഗമത്തിൽ ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് വരുന്നു. ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |
| (സി) | ശബരിമല വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട വികസന പ്രശ്നങ്ങൾ ആഗോള അയ്യപ്പ സംഗമം ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ശബരി റെയിൽപാത, വിമാനത്താവളം എന്നിവയുമായി ബന്ധപ്പെട്ട് ആഗോള അയ്യപ്പ സംഗമത്തിൽ ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് വരുന്നു. ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

## സെക്ഷൻ 1 ശബരിമല മാസ്റ്റർപ്ലാൻ

2006-ൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ആർക്കിടെക്ചർ ആന്റ് പ്ലാനിംഗ് വിഭാഗം തയ്യാറാക്കിയ ശബരിമല മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്

- ക്ഷേത്രത്തിന്റെ പ്രധാന ഭാഗമായ സന്നിധാനത്തെ തിരക്ക് കുറച്ച് അതിന്റെ വിശുദ്ധിയും, പ്രവേശന ക്ഷമതയും ഉറപ്പാക്കുക.
- പമ്പയെ ഒരു ട്രാൻസിറ്റ് ക്യാമ്പാക്കി മാറ്റുക, പുഴയോരത്തെ തിരക്ക് ഒഴിവാക്കുകയും, ഗതാഗതം മെച്ചപ്പെടുത്തുകയും ചെയ്യുക.
- നിലയ്ക്കലിനെ പ്രധാന ബേസ് ക്യാമ്പാക്കി വികസിപ്പിക്കുക, വാഹന പാർക്കിംഗ്, താമസ സൗകര്യങ്ങൾ, തീർത്ഥാടകരുടെ പ്രവേശനം എന്നിവ നിയന്ത്രിക്കുക.
- കാൽനട പാതയിൽ ക്യൂ കോംപ്ലക്സുകൾ, സുരക്ഷാ ഇടനാഴികൾ, അടിയന്തിര സാഹചര്യങ്ങൾക്കുള്ള വഴികൾ എന്നിവ ഉൾപ്പെടുത്തി മെച്ചപ്പെടുത്തുക.
- ഉയരം കൂടിയ കോൺക്രീറ്റ് കെട്ടിടങ്ങൾ ഒഴിവാക്കി പ്രകൃതി ദത്തമായ ഭൂപ്രകൃതി പുനഃസ്ഥാപിക്കുകയും പാരിസ്ഥിതിക സംരക്ഷണം ശക്തിപ്പെടുത്തുകയും ചെയ്യുക.

ചർച്ചയിൽ പങ്കെടുത്ത പ്രതിനിധികൾ പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കി അടിസ്ഥാന സൗകര്യം വികസിപ്പിക്കണമെന്നുള്ള ആശയങ്ങൾ പങ്കുവച്ചു.

### പാനലിസ്റ്റുകൾ:

- പ്രൊഫ.ബെജെനെ. എസ്.കോത്താരി
- ഡോ. പ്രിയാഞ്ജലി പ്രഭാകരൻ
- ശ്രീ കെ.ജയകുമാർ ഐ.എ.എസ് (റിട്ട) – മുൻ ചീഫ് സെക്രട്ടറി, കേരള.
- പ്രൊഫ. ഡോ. ബി. സുനിൽകുമാർ– ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ

**<u>സെക്ഷൻ 2 ആത്മീയ ടൂറിസം സർക്യൂട്ടുകൾ</u>**

**<u>പാനലിസ്റ്റുകൾ</u>**

- ശ്രീ ടി.കെ.എ. നായർ– മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
- ശ്രീ ബിജു കെ. ഐ.എ.എസ് – കേരള ടൂറിസം സെക്രട്ടറി
- ശ്രീ എസ്. സ്വാമിനാഥൻ – സെക്രട്ടറി കേരള ട്രാവൽമാർട്ട് സൊസൈറ്റി & സ്ഥാപകൻ, ഡ്രാവിഡിയൻ ട്രയിൽസ്
- ശ്രീ ബേബിമാത്യു സോമതീരം– ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സോമതീരം ആയുർവേദ ഗ്രൂപ്പ്.

ശബരിമലയെ മികച്ച ഇക്കോ സ്പിരിച്ചൽ കേന്ദ്രം ആക്കുവാനുള്ള സാധ്യത പരിശോധിക്കുക, ജലത്തിന്റെ ഗുണമേന്മ, ശുചിത്വം, പുനരുപയോഗ ശൗചാലയങ്ങൾ, പരിസ്ഥിതി സൗഹൃദ സൗകര്യങ്ങൾ, സീസണിൽ കൂടുതൽ താമസ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ ലഭിച്ചു. ഹോം സ്റ്റേകൾ, പരിശീലനം ലഭിച്ച ഗൈഡുകൾ, പ്രാദേശിക ഉത്തരവാദിത്വമുള്ള ടൂറിസം മോഡലുകൾ എന്നിവ വികസിപ്പിക്കുക, ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുക, സ്ഥിരം ഉപദേശക സംവിധാനം, ആധുനിക മാനേജ്മെന്റ് സംവിധാനം, ഫലപ്രദമായ പ്രചരണം എന്നിവ പ്രോൽസാഹിപ്പിക്കുക.

**<u>സെക്ഷൻ 3– ക്രൗഡ് മാനേജ്മെന്റ്</u>**

**<u>പാനലിസ്റ്റുകൾ:</u>**

- ശ്രീ ജേക്കബ് പുന്നൂസ് ഐ.പി.എസ് (റിട്ട.) – മുൻ ഡി.ജി.പി കേരള
- ശ്രീ എസ്.ശ്രീജിത്ത് ഐ.പി.എസ് – എ.ഡി.ജി.പി ഹെഡ് ക്വാർട്ടേർസ്
- ശ്രീമതി അജിത ബീഗം ഐ.പി.എസ്. – ഡി.ഐ.ജി, തിരുവനന്തപുരം റേഞ്ച്
- ഡോ.ബി. പത്മകുമാർ – പ്രിൻസിപ്പൽ, ടി.ഡി മെഡിക്കൽകോളേജ്, ആലപ്പുഴ

ശബരിമലയിലെ ക്രൗഡ് മാനേജ്മെന്റ്, ഐ.റ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പ്രഡിക്റ്റീവ് അനലെറ്റിക്സ് എന്നിവ സംയോജിപ്പിച്ച് സുരക്ഷിതവും. ആത്മീയ നൽകുന്ന അനുഭവം നൽകുന്ന രീതിയിലേയ്ക്ക് മാറുക, മെഡിക്കൽ സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക തുടങ്ങിയ നിർദേശങ്ങൾ ഉയർന്ന് വന്നു.